| 25-10-2024 | പ്രഭാത മുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളെ - ബാബയുടെ ഒരു ദൃഷ്ടി ലഭിക്കുന്നതിലൂടെ മുഴുവൻ വിശ്വത്തിലെ മാനവരാശിയും സായൂജ്യമടയുന്നു, അതുകൊണ്ടാണ് പറയുന്നത് ദൃഷ്ടിയിലൂടെ സായൂജ്യം...**

**ചോദ്യം:-** നിങ്ങൾ കുട്ടികൾക്ക് ഹൃദയത്തിൽ സന്തോഷത്തിന്റെ വാദ്യഘോഷം മുഴങ്ങണം-എന്തുകൊണ്ട്?
**ഉത്തരം:-** എന്തുകൊണ്ടെന്നാൽ നിങ്ങൾക്കറിയാം - ബാബ വന്നിരിക്കുകയാണ് എല്ലാവരേയും കൂടെ കൊണ്ടുപോകാൻ. ഇപ്പോൾ നമ്മൾ നമ്മുടെ ബാബയോടൊപ്പം വീട്ടിലേക്ക് പോകും. അയ്യോ-അയ്യോ എന്ന നിലവിളികൾക്കുശേഷം ജയ ജയാരവം ഉണ്ടാകും. ബാബയുടെ ഒരു ദൃഷ്ടിയിലൂടെ മുഴുവൻ വിശ്വത്തിനും മുക്തിയുടെയും ജീവന്മുക്തിയുടെയും സമ്പത്ത് ലഭിക്കുവാൻ പോകുകയാണ്. മുഴുവൻ വിശ്വവും സായൂജ്യമടയും.

**ഓം ശാന്തി**. ആത്മീയ ശിവബാബ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. മൂന്നാമത്തെ നേത്രവുമുണ്ട് എന്ന് നിങ്ങൾക്കറിയാം. ബാബക്കറിയാം മുഴുവൻ ലോകത്തിലുമുള്ള ആത്മാക്കൾക്ക്, ഞാൻ സമ്പത്ത് നൽകാൻ വന്നിരിക്കുകയാണ്. ബാബയുടെ ഹൃദയത്തിൽ സമ്പത്തിന്റെ ഓർമ്മയാണ് ഉള്ളത്. ലൗകികത്തിലെ പിതാവിനും സമ്പത്തിന്റെ ഓർമ്മയുണ്ടായിരിക്കും. കുട്ടികൾക്ക് സമ്പത്ത് നൽകണം. കുട്ടികളില്ലെങ്കിൽ ആശയക്കുഴപ്പത്തിലാകും, ആർക്ക് കൊടുക്കും. പിന്നീട് ആരെയെങ്കിലും ദത്തെടുക്കും. ഇവിടെ ബാബ ഇരിക്കുന്നുണ്ട്. മുഴുവൻ ലോകത്തിലെ ആത്മാക്കളിലേക്കും, ദൃഷ്ടി പോകുന്നുണ്ട്. ബാബക്കറിയാം എനിക്ക് എല്ലാവർക്കും സമ്പത്ത് കൊടുക്കണം. ബാബ ഇവിടെയിരിക്കുമ്പോഴും മുഴുവൻ വിശ്വത്തിലേയും മനുഷ്യാത്മാക്കളിലേക്ക് ബാബയുടെ ദൃഷ്ടി പോകുന്നുണ്ട്. കാരണം എല്ലാവർക്കും സായൂജ്യം നൽകണം. ബാബ മനസ്സിലാക്കിത്തരികയാണ് ഇതാണ് പുരുഷോത്തമസംഗമയുഗം. നിങ്ങൾക്കറിയാം ബാബ വന്നിരിക്കുകയാണ് എല്ലാവരേയും ശാന്തിധാമത്തിലേക്ക്, സുഖധാമത്തിലേക്ക് കൊണ്ടുപോകാൻ. എല്ലാവർക്കും സായൂജ്യം നൽകുന്നു. ഡ്രാമയുടെ നിയമമനുസരിച്ച് കൽപ-കൽപം സായൂജ്യം ലഭിച്ചവരാണ്. ബാബ എല്ലാ കുട്ടികളേയും ഓർമ്മിക്കുന്നു. ദൃഷ്ടിയും പോകുമല്ലോ. എല്ലാവരും പഠിക്കുന്നില്ല. നാടകത്തിന്റെ നിയമമനുസരിച്ച് എല്ലാവർക്കും തിരിച്ചുപോകണം. കാരണം നാടകം അവസാനിക്കുകയാണ്. കുറച്ചു മുന്നോട്ട് പോകുമ്പോൾ സ്വയം മനസ്സിലാക്കാൻ കഴിയും ഇപ്പോൾ വിനാശമുണ്ടാകും. ഇപ്പോൾ പുതിയ ലോകത്തിന്റെ സ്ഥാപന നടക്കുകയാണ് കാരണം ആത്മാവ് ചൈതന്യമല്ലേ. ബുദ്ധിയിലുണ്ട് - ബാബ വന്നുകഴിഞ്ഞു. സ്വർഗ്ഗത്തിന്റെ സ്ഥാപന നടക്കും, പിന്നീട് നമ്മൾ ശാന്തിധാമത്തിലേക്ക് പോകും. എല്ലാവർക്കും ഗതി ഉണ്ടാകും. ബാക്കി നിങ്ങൾക്കു മാത്രം സദ്ഗതി ഉണ്ടാകും. ഇപ്പോൾ ബാബ വന്നിരിക്കുകയാണ് നമ്മളെ സ്വർഗ്ഗത്തിലേക്ക് കൊണ്ടുപോകാൻ. ജയാരവമുണ്ടാകും. ഇപ്പോൾ നിലവിളികളാണ്. ചിലയിടങ്ങളിൽ വരൾച്ചയാണ്, ചിലയിടങ്ങളിൽ യുദ്ധം നടന്നുകൊണ്ടിരിക്കുകയാണ്, ചില സ്ഥലങ്ങളിൽ ഭൂകമ്പം നടക്കുന്നു. ആയിരക്കണക്കിന് പേർ മരിക്കുകയാണ്. മരണം ഉണ്ടാവുകതന്നെ ചെയ്യും. സത്യയുഗത്തിൽ ഇക്കാര്യങ്ങൾ ഉണ്ടാവുകയില്ല. ബാബക്കറിയാം ഇപ്പോൾ ഞാൻ വരികയാണ്. പിന്നീട് മുഴുവൻ വിശ്വത്തിലും ജയജയാരവം ഉണ്ടാകും. ഞാൻ ഭാരതത്തിലേക്കാണ് വരുന്നത്. മുഴുവൻ വിശ്വത്തിലും ഭാരതം ഗ്രാമം പോലെയാണ്. ബാബയ്ക്ക് ഭാരതം ഗ്രാമം തന്നെയാണല്ലോ. അവിടെ വളരെ കുറച്ച് മനുഷ്യരേ ഉണ്ടാകൂ. സത്യയുഗത്തിൽ മുഴുവൻ വിശ്വവും ഒരു ചെറിയ ഗ്രാമമായിരുന്നു. ഇപ്പോൾ എത്ര വർദ്ധനവുണ്ടായിരിക്കുന്നു. ബാബയുടെ ബുദ്ധിയിൽ എല്ലാം ഉണ്ടല്ലോ. ഇപ്പോൾ ഈ ശരീരത്തിലൂടെ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് നിങ്ങളുടെ പുരുഷാർത്ഥം കഴിഞ്ഞ കൽപ്പത്തിലേതുപോലെത്തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്. ബാബ കൽപവൃക്ഷത്തിന്റെ ബീജരൂപനാണ്. ഇത് സാകാരി വൃക്ഷമാണ്. മുകളിലുള്ളത് നിരാകാരി വൃക്ഷമാണ്. ഇത് എങ്ങനെയാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നതെന്ന് നിങ്ങൾക്കറിയാം. ഈ വിവേകം ഒരു മനുഷ്യരിലുമില്ല. വിവേകശാലികളുടേയും വിവേകശൂന്യരുടേയും വ്യത്യാസം നോക്കൂ. സ്വർഗ്ഗത്തിൽ രാജ്യം ഭരിച്ചിരുന്ന വിവേകശാലികൾ എവിടെ... ആ ലോകത്തെയാണ് പറയുന്നത് സത്യമായ ഖണ്ഡം, സ്വർഗ്ഗം.

ഇപ്പോൾ നിങ്ങൾ കുട്ടികളുടെ ഉള്ളിൽ വളരെ സന്തോഷമുണ്ടായിരിക്കണം. ബാബ വന്നുകഴിഞ്ഞു, ഈ പഴയ ലോകം തീർച്ചയായും മാറും. എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നോ, അത്രയും ഉയർന്ന പദവി നേടും. ബാബ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്. നിങ്ങളുടെ ഈ സ്കൂളിലും വളരെയധികം പുരോഗതി ഉണ്ടായിക്കൊണ്ടിരിക്കും. വളരെയധികം പേർ വരും. എല്ലാ ക്ലാസുകളും ഒന്നിച്ചായിരിക്കില്ലല്ലോ. ഇത്രയും ഒരുമിച്ച് എവിടെയിരിക്കും? നിങ്ങൾ കുട്ടികൾക്ക് ഓർമ്മയുണ്ട് - ഇപ്പോൾ നമ്മൾ പോവുകയാണ്

സുഖധാമത്തിലേക്ക്. എങ്ങനെയാണോ ചിലർ വിദേശങ്ങളിൽ പോയി എട്ടും പത്തും വർഷം താമസിച്ച് വീണ്ടും ഭാരതത്തിലേക്ക് വരുന്നത്. ഭാരതം ദരിദ്രമാണ്. വിദേശത്തുള്ളവർക്ക് ഇവിടെ സുഖം ഇല്ല. അതുപോലെ നിങ്ങൾ കുട്ടികൾക്കും ഈ കലിയുഗത്തിൽ സുഖമില്ല. നിങ്ങൾക്കറിയാം നമ്മൾ വളരെ ഉയർന്ന പഠിപ്പ് പഠിച്ചുകൊണ്ടിരിക്കുകയാണ്, ഇതിലൂടെ നമ്മൾ സ്വർഗ്ഗത്തിന്റെ അധികാരിയായ ദേവതയായി മാറുകയാണ്. അവിടെ എത്ര സുഖമുണ്ടായിരിക്കും. ആ സുഖത്തെ എല്ലാവരും ഓർമ്മിക്കുന്നുണ്ട്. ഈ കലിയുഗമാകുന്ന ഗ്രാമത്തെ ഓർമ്മിക്കുന്നതേയില്ല, ഇവിടെ അളവറ്റ ദുഃഖമാണ്. ഇത് രാവണരാജ്യമാണ്, പതിതമായ ലോകത്തിൽ ഇന്ന് അപാരമായ ദുഃഖമാണ്. വീണ്ടും നാളെ അപാരമായ സുഖമുണ്ടാകും. നമ്മൾ യോഗബലത്തിലൂടെ സുഖത്തിന്റെ ലോകത്തെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. ഇത് രാജയോഗമല്ലേ. ബാബ സ്വയം പറയുകയാണ് ഞാൻ നിങ്ങളെ രാജാക്കന്മാരുടേയും രാജാവാക്കി മാറ്റുകയാണ്. ഇങ്ങിനെ ആക്കിത്തീർക്കുന്ന ടീച്ചറെ തീർച്ചയായും ഓർമ്മിക്കേണ്ടതല്ലേ. ടീച്ചറില്ലാതെ വക്കീലോ എഞ്ചിനീയറോ ആകാൻ സാധിക്കില്ല. ഇത് പുതിയ കാര്യമാണ്. ആത്മാക്കൾക്ക് പരമാത്മാവായ ബാബയോടൊപ്പം യോഗം വയ്ക്കണം. ബാബയിൽനിന്നും വളരെക്കാലം വേറിട്ടിരിക്കുകയായിരുന്നു. വളരെക്കാലം എന്നാൽ എത്രയാണ്? ഇതും ബാബ സ്വയം മനസ്സിലാക്കിത്തരികയാണ്. മനുഷ്യർ ലക്ഷക്കണക്കിന് വർഷത്തിന്റെ ആയുസ്സെന്ന് പറയുന്നു. ബാബ പറയുകയാണ് – അല്ല, കേവലം ഓരോ 5000 വർഷത്തിനുശേഷവും നിങ്ങൾ ആരാണോ ആദ്യമാദ്യം എന്നിൽനിന്നും വേർപിരിഞ്ഞുപോയത് അവരെ വീണ്ടും ബാബ കാണുകയാണ്. നിങ്ങൾക്കാണ് പുരുഷാർത്ഥം ചെയ്യേണ്ടത്. മധുര മധുരമായ കുട്ടികൾക്ക് യാതൊരു ബുദ്ധിമുട്ടും നൽകുന്നില്ല, കേവലം പറയുകയാണ് സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ. ജീവാത്മാക്കളല്ലേ, ശരീരം വിനാശിയാണ്. ആത്മാവ് ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കുന്നു. ആത്മാവ് ഒരിക്കലും പഴയതാകുന്നില്ല. ആശ്ചര്യമല്ലേ. പഠിപ്പും അത്ഭുതമാണ്, പഠിപ്പിക്കുന്ന ആളും അത്ഭുതമാണ്. ആർക്കും ഓർമ്മയില്ല, മറന്നുപോകുന്നു. മുൻപുള്ള ജന്മങ്ങളിൽ എന്താണ് പഠിച്ചിട്ടുണ്ടായിരുന്നത്, ഇതാർക്കെങ്കിലും ഓർമ്മയുണ്ടോ ? ഈ ജന്മത്തിൽ നിങ്ങൾ പഠിക്കുന്നു, ഇതിന്റെ ഫലം പുതിയ ലോകത്തിൽ ലഭിക്കുന്നു. ഇത് കേവലം നിങ്ങൾ കുട്ടികളാണ് അറിയുന്നത്. ഓർമ്മയുണ്ടായിരിക്കണം ഇത് പുരുഷോത്തമസംഗമയുഗമാണ്, നമുക്ക് പുതിയ ലോകത്തിലേക്ക് പോകണം. ഈ കാര്യം ഓർമ്മയുണ്ടെങ്കിൽ നിങ്ങൾക്ക് ബാബയുടേയും ഓർമ്മ വരും. ഓർമ്മിക്കുന്നതിനുവേണ്ടി ബാബ അനേക ഉപായങ്ങൾ പറഞ്ഞുതരികയാണ്. ബാബ പിതാവുമാണ്, ടീച്ചറുമാണ്, സദ്ഗുരുവുമാണ്. മൂന്നു രൂപത്തിലും ഓർമ്മിക്കൂ. ഓർമ്മിക്കുന്നതിനുവേണ്ടി എത്ര യുക്തികളാണ് തന്നുകൊണ്ടിരിക്കുന്നത്. പക്ഷേ മായ മറപ്പിക്കും. ബാബ പുതിയ ലോകത്തിന്റെ സ്ഥാപനയാണ് ചെയ്യുന്നത്. ബാബയാണ് പറയുന്നത് ഇത് പുരുഷോത്തമസംഗമയുഗമാണ്, ഇത് ഓർമ്മിക്കൂ എന്തുകൊണ്ടാണ് ഓർമ്മിക്കാൻ സാധിക്കാത്തത്! ഓർമ്മിക്കാനുള്ള യുക്തികളാണ് പറഞ്ഞുതരുന്നത്. ഒപ്പം ഇതും പറഞ്ഞുതരുന്നുണ്ട് മായ വളരെ ശക്തിശാലിയാണ്, വീണ്ടും വീണ്ടും നിങ്ങളെ മറപ്പിക്കും. ദേഹാഭിമാനികളാക്കി മാറ്റും. അതുകൊണ്ട് എത്ര സാധിക്കുന്നുവോ ഓർമ്മിച്ചുകൊണ്ടിരിക്കൂ. എഴുന്നേൽക്കുമ്പോഴും, ഇരിക്കുമ്പോഴും, നടക്കുമ്പോഴും കറങ്ങുമ്പോഴും ശരീരമല്ല, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ, ഇതാണ് പരിശ്രമം. ജ്ഞാനം വളരെ സഹജമാണ്. എല്ലാ കുട്ടികളും പറയാറുണ്ട് ഓർമ്മിക്കാൻ കഴിയുന്നില്ല. നിങ്ങൾ ബാബയെ ഓർമ്മിച്ചുകൊണ്ടിരിക്കൂ, മായ നിങ്ങളെ മായയുടെ ഭാഗത്തേക്ക് പിടിച്ചുവലിക്കും. ഇതുപോലൊരു കളിയും ഉണ്ടാക്കിയിട്ടുണ്ട്. നിങ്ങൾ മനസ്സിലാക്കി, നിങ്ങളുടെ ബുദ്ധിയോഗം ബാബയോടൊപ്പവും പഠിക്കുന്ന വിഷയങ്ങളിലും ഉണ്ടാകണം, അതുണ്ടാകുന്നില്ല. മറന്നുപോകുന്നു. എന്നാൽ നിങ്ങൾ മറക്കരുത്. വാസ്തവത്തിൽ ഈ ചിത്രങ്ങളുടെയൊന്നും ആവശ്യമില്ല. എന്നാൽ പഠിപ്പിക്കുന്ന സമയത്ത് മുന്നിൽ എന്തെങ്കിലും വേണമല്ലോ. എത്ര ചിത്രങ്ങളാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. പാണ്ഢവ ഗവൺമെന്റിന്റെ പ്ലാനുകൾ നോക്കൂ എങ്ങനെയുള്ളതാണ്. ഇവിടുത്തെ ഗവൺമെന്റിനും പ്ലാനുകളുണ്ട്. നിങ്ങൾക്കറിയാം പുതിയ ലോകത്തിൽ കേവലം ഭാരതം മാത്രമായിരുന്നു, വളരെ ചെറുതായിരുന്നു. വിശ്വത്തിന്റെ അധികാരിയായിരുന്നു മുഴുവൻ ഭാരതവും. എല്ലാം പുതിയതായിരുന്നു. ലോകം ഒന്നുമാത്രമെയുള്ളു. അഭിനേതാക്കളും അതുതന്നെയാണ്, ചക്രം കറങ്ങിക്കൊണ്ടേയിരിക്കുകയാണ്. നിങ്ങൾക്ക് കണക്കാക്കാൻ സാധിക്കും, ഇത്ര സെക്കന്റ് മണിക്കൂർ, ദിവസം, വർഷം പൂർത്തീകരിച്ച് ഈ ചക്രം കറങ്ങിക്കൊണ്ടേയിരിക്കുകയാണ്. അങ്ങനെ കറങ്ങിക്കറങ്ങി 5000 വർഷം പൂർത്തിയായി. എല്ലാ സീനുകളും അതുതന്നെയാണ്. എത്ര വലിയ പരിധിയില്ലാത്ത വൃക്ഷമാണ്. വൃക്ഷത്തിലെ ഇലകളെ എണ്ണാൻ സാധിക്കില്ല. ഇതും വൃക്ഷമാണ്. ഈ വൃക്ഷത്തിന്റെ അടിത്തറ ദേവീദേവതാധർമ്മമാണ്. ഈ വൃക്ഷത്തിൽ നിന്നും മുഖ്യമായ 3 ധർമ്മങ്ങളാണ് ഉണ്ടാകുന്നത്. ബാക്കി വൃക്ഷത്തിന്റെ ഇലകൾ അനവധിയുണ്ട്. എണ്ണി തിട്ടപ്പെടുത്താൻ ആർക്കും കഴിയില്ല. ഈ സമയത്ത് എല്ലാ മതങ്ങളുടെയും വൃക്ഷം തഴച്ചുവളർന്നിരിക്കുന്നു. ഇത് പരിധിയില്ലാത്ത വൃക്ഷമല്ലേ. പിന്നീട് ഈ മതങ്ങളൊന്നും ഉണ്ടായിരിക്കില്ല. ഇപ്പോൾ മുഴുവൻ വൃക്ഷവും ഉണ്ട്. പക്ഷേ അടിവേരില്ല. ആൽ

വൃക്ഷത്തിന്റെ ഉദാഹരണം വളരെയധികം കൃത്യമാണ്. ഇത് അത്ഭുതകരമായ വൃക്ഷമാണ്, ബാബ ഡ്രാമയിൽ ഉദാഹരണങ്ങളും വച്ചിട്ടുണ്ട്. മനസ്സിലാക്കിത്തരുന്നതിനുവേണ്ടി. അടിത്തറയില്ല. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ബാബ നിങ്ങളെ എത്ര വിവേകശാലിയാക്കി മാറ്റി. ഇപ്പോൾ ദേവതാധർമ്മമാകുന്ന അടിത്തറയില്ല. ബാക്കി ശേഷിപ്പുകളും അടയാളങ്ങളും മാത്രമാണുള്ളത് - ആട്ടയിൽ ഉപ്പുപോലെ. ക്ഷയിച്ചുപോയി. അടയാളങ്ങൾ മാത്രമേ ഉള്ളൂ. കുട്ടികളുടെ ബുദ്ധിയിൽ ഈ മുഴുവൻ ജ്ഞാനവും ഉണ്ടായിരിക്കണം. ബാബയുടെ ബുദ്ധിയിൽ ജ്ഞാനമുണ്ടല്ലോ. നിങ്ങൾക്കും മുഴുവൻ ജ്ഞാനവും തന്ന് തനിക്കു സമാനമാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. ബാബ ബീജരൂപനാണ്. ഇത് തലകീഴായ വൃക്ഷമാണ്. ഇത് പരിധിയില്ലാത്ത ഡ്രാമയാണ്. ഇപ്പോൾ നിങ്ങളുടെ ബുദ്ധി മുകളിലേക്ക് പോയി. നിങ്ങൾ ബാബയേയും രചനയേയും അറിഞ്ഞു. ശാസ്ത്രങ്ങളിൽ ഉണ്ട് എന്നാൽ ഋഷി മുനിമാർ എങ്ങനെ അറിയും. ഒരാളറിയുകയാണെങ്കിൽ അത് പരമ്പരയായി നടക്കും. അതിന്റെ ആവശ്യമില്ല. ഇടയിൽ ആർക്കും തിരിച്ചുപോകാൻ സാധിക്കില്ല. നാടകം പൂർത്തിയാകുമ്പോൾ എല്ലാ അഭിനേതാക്കളും ഇവിടെയുണ്ടാകും. അതുവരേക്കും ബാബയും ഇവിടെയുണ്ട്, അപ്പോഴാണ് പരംധാമം പൂർണ്ണമായും കാലിയാകുന്നത്. അപ്പോൾ ശിവബാബയുടെ വിവാഹഘോഷയാത്രയുണ്ടാകും. മുൻകൂട്ടി ആർക്കും പോയിരിക്കാൻ കഴിയില്ല. ബാബ മുഴുവൻ ജ്ഞാനവും നൽകുകയാണ്. എങ്ങനെയാണ് സൃഷ്ടി ചക്രം ആവർത്തിക്കുന്നത്. സത്യയുഗം, ത്രേതായുഗം, ദ്വാപരയുഗം, കലിയുഗം... പിന്നീട് സംഗമയുഗമുണ്ടാകുന്നു. പാടപ്പെടുന്നുണ്ട് പക്ഷേ എപ്പോഴാണ് സംഗമയുഗമുണ്ടാകുന്നത്, ഇതാർക്കും അറിയില്ല. നിങ്ങൾ കുട്ടികൾ മനസ്സിലാക്കിക്കഴിഞ്ഞു - നാല് യുഗമാണുള്ളത്. ഇതാണ് ലീപ് യുഗം, ഇതിനെ മിഡ്ഗേറ്റ് എന്ന് പറയും. കൃഷ്ണനെ മിഡ്ഗേറ്റിൽ കാണിച്ചിട്ടുണ്ട്. ഇതാണ് ജ്ഞാനം. ഈ ജ്ഞാനത്തെ തിരിച്ചും മറിച്ചും ഭക്തിയിൽ എന്തെന്തെല്ലാം ഉണ്ടാക്കി. ജ്ഞാനത്തിൽ മുഴുവൻ ആശയക്കുഴപ്പമുണ്ടാക്കി. മനസ്സിലാക്കിത്തരുന്നത് ഒരു ബാബയാണ്. പ്രാചീന രാജയോഗം പഠിപ്പിക്കുന്നതിനുവേണ്ടി വിദേശങ്ങളിൽ പോകുന്നു. എന്നാൽ പ്രാചീന രാജയോഗം ഇതാണല്ലോ. പ്രാചീനം അർത്ഥം ആദ്യമുണ്ടായത്. സഹജരാജയോഗം പഠിപ്പിക്കാൻ ബാബ വന്നിരിക്കുകയാണ്. എത്ര ശ്രദ്ധയുണ്ടായിരിക്കണം. നിങ്ങളും ശ്രദ്ധ വയ്ക്കണം സ്വർഗ്ഗത്തിന്റെ സ്ഥാപനയാണ് നടക്കുന്നത്. ആത്മാവിന് ഓർമ്മവരുന്നുണ്ട്. ബാബ പറയുന്നു ഞാനിപ്പോൾ നിങ്ങൾക്ക് നൽകുന്ന ഈ ജ്ഞാനം വീണ്ടും ഞാൻ തന്നെ വന്ന് നൽകും. ഇത് പുതിയ ലോകത്തിലേക്കുവേണ്ടിയുള്ള പുതിയ ജ്ഞാനമാണ്. ഈ ജ്ഞാനം ബുദ്ധിയിലിരിക്കുന്നതിലൂടെ വളരെ സന്തോഷമുണ്ടായിരിക്കും. ബാക്കി കുറച്ച് സമയമേയുള്ളൂ. ഇപ്പോൾ വീട്ടിലേക്ക് പോകണം. ഒരു ഭാഗത്ത് സന്തോഷവുമുണ്ടാകും മറുഭാഗത്ത് ദുഃഖത്തിന്റെ അനുഭവവും ഉണ്ടാകും. ഇങ്ങനെയുള്ള മധുരമായ ബാബയെ വീണ്ടും അടുത്ത കൽപ്പത്തിലേ കാണാൻ സാധിക്കൂ. ബാബയല്ലേ കുട്ടികൾക്ക് ഇത്രയും സുഖം നൽകുന്നത്. ബാബ വന്നിരിക്കുകയാണ് ശാന്തിധാമത്തിലേക്കും സുഖധാമത്തിലേക്കും കൊണ്ടുപോകാൻ. നിങ്ങൾ ശാന്തിധാമത്തേയും സുഖധാമത്തേയും ഓർമ്മിക്കൂ. അപ്പോൾ ബാബയുടെ ഓർമ്മ വരും. ഈ ദുഃഖധാമത്തെ മറക്കൂ. പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത കാര്യം കേൾപ്പിക്കുകയാണ്. പഴയ ലോകത്തിൽ നിന്നും നിങ്ങളുടെ മമത്വം ഇല്ലാതാകുമ്പോൾ സന്തോഷം ഉണ്ടാക്കും. നിങ്ങൾ വീണ്ടും സുഖധാമത്തിലേക്ക് വരും. സതോപ്രധാനമായതിനു ശേഷം പോകും. കൽപകൽപം ആരാണോ ആയിത്തീർന്നത് വീണ്ടും അവർ തന്നെയാണ് ആയിത്തീരുന്നത്. ഈ പഴയ ശരീരത്തെ ഉപേക്ഷിക്കണം എന്ന സന്തോഷം അവർക്കാണ് ഉണ്ടാവുക. പിന്നീട് പുതിയ ശരീരമെടുത്ത് സതോപ്രധാനമായ ലോകത്തിലേക്ക് വരും. ഈ ജ്ഞാനം ഇല്ലാതാകും. കാര്യങ്ങൾ വളരെ സഹജമാണ്. രാത്രി ഉറങ്ങുമ്പോഴും ഇങ്ങനെയിങ്ങനെ സ്മരിച്ചുകൊണ്ടിരിക്കൂ അപ്പോൾ സന്തോഷം ഉണ്ടായിരിക്കും. നമ്മൾ ഇവരെപ്പോലെ ആയിക്കൊണ്ടിരിക്കുകയാണ്. മുഴുവൻ ദിവസത്തിലും ആസുരീയകർമ്മങ്ങളൊന്നും ചെയ്തില്ലല്ലോ? 5 വികാരങ്ങളിൽ ഏതെങ്കിലും വികാരം എന്നെ ഉപദ്രവിച്ചില്ലല്ലോ? അത്യാഗ്രഹമൊന്നും വന്നില്ലല്ലോ? സ്വയം തന്നെ പരിശോധന നടത്തണം. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) യോഗബലത്തിലൂടെ അളവറ്റ സുഖത്തിന്റെ ലോകം സ്ഥാപിക്കണം. ഈ ദുഃഖത്തിന്റെ പഴയ ലോകത്തെ മറക്കണം. സന്തോഷമുണ്ടായിരിക്കണം, നമ്മൾ സത്യ ഖണ്ഡത്തിന്റെ അധികാരിയായി മാറിക്കൊണ്ടിരിക്കുകയാണ്.

2) ദിവസവും സ്വയം പരിശോധിക്കണം. മുഴുവൻ ദിവസത്തിലും ഒരു വികാരവും ഉപദ്രവിച്ചില്ലല്ലോ? ആസുരീയകർമ്മങ്ങളൊന്നും ചെയ്തില്ലല്ലോ? ലോഭത്തിന് വശപ്പെട്ടില്ലല്ലോ?

**വരദാനം:- വരദാതാവിലൂടെ സർവശ്രേഷ്ഠസമ്പത്തിന്റെ വരദാനം പ്രാപ്തമാക്കുന്ന സമ്പന്നനായി ഭവിക്കട്ടെ.**

ആരുടെയെങ്കിലും കൈവശം സ്ഥൂലസമ്പത്തു മാത്രമുണ്ടായാലും സദാ സന്തുഷ്ടമായിരിക്കാൻ കഴിയുകയില്ല. സ്ഥൂല സമ്പത്തിനൊപ്പം അഥവാ സർവ ഗുണങ്ങളുടെയും സമ്പത്ത്, സർവ ശക്തികളുടെയും സമ്പത്ത്, സർവ ശക്തികളുടെയും സമ്പത്ത്, ജ്ഞാനത്തിന്റെ ശ്രേഷ്ഠ സമ്പത്ത് ഇല്ല എങ്കിൽ സന്തുഷ്ടത സദാ ഉണ്ടായിരിക്കുകയില്ല. താങ്കളേവരുടെയും കയ്യിൽ ഈ ശ്രേഷ്ഠ സമ്പത്തുക്കളുണ്ട്. ലോകർ വെറും സ്ഥൂല സമ്പത്തുള്ളവരെ സമ്പന്നരെന്നു കരുതുന്നു. എന്നാൽ വരദാതാവായ ബാബയിലൂടെ താങ്കൾ കുട്ടികൾക്ക് സർവ ശ്രേഷ്ഠ സമ്പന്നനായി ഭവിക്കട്ടെ എന്ന വരദാനം ലഭിച്ചിരിക്കുന്നു.

**സ്ലോഗൻ :- സത്യമായ സാധനയിലൂടെ അയ്യോ അയ്യോ വിനെ ആഹാ ആഹാ യിലേക്ക് പരിവർത്തനപ്പെടുത്തൂ**